പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3443 — 19.06.2019-ലെ മറുപടിക്ക്

## കാസർകോട് - മംഗലാപുരം കെ.എസ്.ആർ.ടി .സി. ബസ് സർവ്വീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കാസർകോട് നിന്നും മംഗലാപുരത്തേക്ക് ഒരു ദിവസം എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കാമോ? | (എ) | കാസർഗോഡ് - 41<br>പയ്യന്നൂർ - 7<br>കണ്ണൂർ - 3<br>തലശ്ശേരി - 6<br>കാഞ്ഞങ്ങാട് - 4<br>ഉൾപ്പെടെ ആകെ 61 ബസ്സുകൾ കാസർഗോഡ് നിന്നും മംഗലാപുരത്തേയ്ക്ക് സർവ്വീസ് നടത്തുന്നു. |
| (ബി) | കാസർകോട് നിന്നും മംഗലാപുരത്തേയ്ക്കുള്ള ടിക്കറ്റ് ചാർജ്ജ് എത്രയാണെന്ന് വ്യക്തമാക്കാമോ? | (ബി) | ഓർഡിനറി സർവ്വീസ്സുകളാണ് പ്രസ്തുത റൂട്ടിൽ കോർപ്പറേഷൻ സർവ്വീസ് നടത്തുന്നത്.<br>54 രൂപ ടിക്കറ്റ് നിരക്കും 3 രൂപ സോഷ്യൽ സെക്യൂരിറ്റി സെസ്സും ഉൾപ്പെടെ ആകെ 57 രൂപയാണ് ടിക്കറ്റ് ചാർജ്. |
| (സി) | കാസർകോട് നിന്ന് മംഗലാപുരത്തേക്കുള്ള കർണാടക സ്റ്റേറ്റ് ട്രാൻസ്പോർട്ട് സർവ്വീസുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; ഈ ബസിൽ മംഗലാപുരത്തേക്കുള്ള ടിക്കറ്റ് ചാർജ്ജ് എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) | 40 സർവ്വീസുകൾ കർണ്ണാടക ആർ.ടി.സി കാസർഗോഡ്-മംഗലാപുരം റൂട്ടിൽ നടത്തി വരുന്നു. ഈ ബസിൽ മംഗലാപുരത്തേക്കുള്ള ടിക്കറ്റ് ചാർജ്ജ് 57/- രൂപയാണ്. |

| | | | |
|---|---|---|---|
| (ഡി) | ഈ അടുത്ത കാലത്ത് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ കാസർകോട് നിന്നും മംഗലാപുരത്തേക്കുള്ള ടിക്കറ്റ് ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; | (ഡി) | ഉണ്ട്.<br>അന്തർസംസ്ഥാന കരാർ വ്യവസ്ഥകൾക്ക് വിധേയമായാണ് അന്തർസംസ്ഥാന സർവ്വീസുകളിൽ ടിക്കറ്റ് നിരക്ക് ഈടാക്കി വരുന്നത്. അയൽ സംസ്ഥാനങ്ങളിലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകൾ അന്തർസംസ്ഥാന റൂട്ടുകളിൽ ടിക്കറ്റ് നിരക്ക് വർദ്ധിപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ടി റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി.യും നിരക്ക് വർദ്ധിപ്പിക്കാറുണ്ട്.<br>നിലവിൽ കർണ്ണാടക ആർ.ടി.സി 01.06.2019 മുതൽ നിരക്ക് വർദ്ധിപ്പിച്ചിട്ടുള്ളതും, പ്രസ്തുത വർദ്ധന കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റ് നിരക്കിലും വരുത്തണമെന്ന കർണ്ണാടക ആർ.ടി.സി.യുടെ കത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത റൂട്ടിൽ കെ.എസ്.ആർ.ടി.സി നിരക്ക് വർദ്ധന വരുത്തിയിട്ടുള്ളത്. |
| (ഇ) | കർണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് ബസിൽ മംഗലാപുരത്തേയ്ക്കുള്ള ടിക്കറ്റ് നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ എന്ന് അറിയാമോ? | (ഇ) | വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ